No. of Printed Pages : 7

**FML-01**

**BDP / BCA / BTS**

**Term-End Examination**

01976

**June, 2016**

## FML-01 : FOUNDATION COURSE IN MALAYALAM

*Time : 2 hours* *Maximum Marks : 50*

---

**സൂചനകൾ :**

(i) ചോദ്യം 1, **രണ്ടു** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക – ഓരോന്നിനും 10 മാർക്ക് വീതം.

(ii) ചോദ്യം 2, **മൂന്നു** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക – ഓരോന്നിനും 5 മാർക്ക് വീതം.

(iii) ചോദ്യം 3, തർജ്ജമ - ചോയ്സ് ഇല്ല – 5 മാർക്ക്.

(iv) ചോദ്യം 4, **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം – ഓരോന്നിനും 1 മാർക്ക് വീതം.

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് ഉപന്യാസ രീതിയിൽ ഉത്തരമെഴുതുക (ഏതെങ്കിലും **രണ്ടെണ്ണത്തിനു** മാത്രം) : *2×10=20*

(a) മലയാളത്തിലെ സന്ധികളുടെ വകഭേദങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വിവരിക്കുക.

(b) "സാഹിത്യത്തിലും കലകളിലും രാഷ്ട്രീയത്തിലും ഇവിടെയുണ്ടായ നേട്ടങ്ങളുടെ കൊടുമുടികളിന്മേൽ സൂക്ഷിച്ചുനോക്കിയാൽ ഉപനിഷത്തിന്റെ ഹിമാലയത്തിൽനിന്നു് ഒഴുകിച്ചെല്ലുന്ന തുഹിനാമൃതം ഒളിചിതറിയിട്ടുണ്ടെന്നു് കാണാൻ കഴിയും." സുകുമാർ അഴീക്കോടിന്റെ ഈ നിഗമനത്തിന്റെ പൊരുളെന്തെന്നു് പരിശോധിക്കുക.

(c) ചാവേറ്റുപടയുടെ ചരിത്രപരമായ പ്രാധാന്യമെന്തെന്നു് വിശദമാക്കുക.

(d) വാണിജ്യപരമായ കത്തുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളേവ ?

(e) ‘വീണപൂവ്’ ഒരു പ്രതീകാത്മക കവിത എന്ന നിലയിലാണോ, അതോ മൃത്യുന്മുഖമായ ആഭിമുഖ്യം പുലർത്തുന്ന കവിത എന്ന നിലയിലാണോ നിങ്ങൾ വിലയിരുത്താനിഷ്ടപ്പെടുന്നതു് ?

2. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **മൂന്നു്** ചോദ്യങ്ങൾക്കു് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക : *3×5=15*

(a) ‘ഭക്തപുരവും പഠനും’ എന്ന പാഠഭാഗത്തെ മുൻനിർത്തി എസ്.കെ. പൊറ്റെക്കാടിന്റെ യാത്രാവിവരണങ്ങളുടെ പ്രത്യേകതകൾ വിശദീകരിക്കുക.

(b) അവ്യയീഭാവസമാസം, ആദേശസന്ധി – ഇവ വിവരിച്ചുദാഹരിക്കുക.

(c) “വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത
കിടാങ്ങളെ
ദീർഘദർശനം ചെയ്യും
ദൈവജ്ഞരല്ലോ നിങ്ങൾ ?”

കവി ഇങ്ങനെ പ്രതിഷേധശബ്ദം പുറപ്പെടുവിക്കുന്നതിന്റെ പശ്ചാത്തലമെന്തു് ?

(d) ചേഷ്ടാസിദ്ധാന്തം എന്നാൽ എന്ത് ? ഒരു ഖണ്ഡികയിൽ വിവരണം നല്കുക.

(e) വിപുലനം, പരാവർത്തനം – ഇവയെക്കുറിച്ച് ഓരോ കുറിപ്പുകൾ തയ്യാറാക്കുക.

(f) ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള അന്തരമെന്തെന്ന് വിശദമാക്കുക.

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക : 5

Translate the following passage from English to Malayalam :

It is very easy to acquire bad habits, such as eating too much sweets, or too much food, or drinking too much fluid of any kind, or smoking. One of the most widely spread of bad habits is the use of tobacco. It was brought into Europe from America by Sir Walter Raleigh, four centuries ago. I very much doubt whether there is any good in the habit even when taken in small quantities. Alcohol is taken in almost all cool and cold climates. The regular use of alcohol tends to cause mischief in many ways. It affects the liver, it weakens the mental powers and lessens the general energy of the body.

4. (a) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക : *5×1=5*

(i) "ജീവിതംപോലെ രണ്ടറ്റവും കാണാത്തൊരാവഴിയിങ്കൽ തനിച്ചുഞാൻ നിന്നുപോയ്." കവി ഇങ്ങനെ ഇതികർത്തവ്യതാമൂഢനായി നില്ക്കാൻ കാരണമെന്തു് ?

(ii) നാന്മുഖൻ, മുപ്പാര് – ഈ വാക്കുകൾ ഏതേത് സമാസങ്ങൾക്കു് ഉദാഹരണങ്ങളാണെന്നു് പരിശോധിക്കുക.

(iii) 'കച്ചീട്ട്' എന്നാൽ എന്തു് ?

(iv) 'മാമാങ്കച്ചാവേറെ'ന്നാലെന്തെന്നു് വിവരിക്കുക.

(v) അധികരണകാരകം, തദ്വത് തദ്ധിതം – ഇവ വിവരിച്ചുദാഹരിക്കുക.

(b) താഴെ കൊടുത്തിരിക്കുന്നവയുടെ വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തു് പൂരിപ്പിക്കുക : *5×1=5*

(i) നാടകത്തിന്റെ പ്രധാന ഘടകങ്ങൾ ഇതിവൃത്തം, സംഭാഷണം, __________ എന്നിവയാണു്. (രംഗമന്ദിരം, കഥാപാത്രങ്ങൾ, ശബ്ദം)

(ii) "വിന്ധ്യഹിമാലയങ്ങൾക്കിടയിൽ" ________ യുടെ 'ഒറ്റ നോട്ടത്തിൽ' എന്ന ഗ്രന്ഥത്തിലുള്ള ഒരുപന്യാസമാണു്. (എസ്.കെ. പൊറ്റെക്കാട്, മുണ്ടശ്ശേരി, എൻ.വി. കൃഷ്ണവാര്യർ)

(iii) 'നെന്മണി' എന്ന പദം ________ സന്ധിയ്ക്കു് ഉദാഹരണമാണു്. (ദ്വിത്വം, ആഗമം, ആദേശം)

(iv) ശാസ്ത്രീയ സോഷ്യലിസത്തിന് അടിത്തറപാകിയത് __________ ആണ്. (കാൾ മാർക്സ്, വാസ്‌ലി ലയോൺ ടിഫ്, കെയ്‌ൻസ്)

(v) സസ്തനവർഗ്ഗീകരണത്തിൽ പാദഘടനയേക്കാൾ പ്രധാനമാണ് ________. (ദന്തവിന്യാസം, കുളമ്പ്, അംഗുലീവിന്യാസം)